

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണമ്പൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജിപി9/1732/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 19/11/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജിപി9/1732/2024

തീയ്യതി: 19/11/2024

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 48 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട്

കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ .ആർ	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	17-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	17-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു .ഒ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ .എം.എൽ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി .ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീലതാ ദേവി .എൻ, ഓഡിറ്റർ
ശ്രീ. ഹരികൃഷ്ണൻ .ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എ. നഹാസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. ബിജുകുമാർ .എം	സെക്രട്ടറി	01-04-2023	04-09-2023
ശ്രീ. സന്തോഷ് കുമാർ .ജെ.എസ്	സെക്രട്ടറി	04-09-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനിൽ .സി.എസ്	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. ആശ .എസ്.ജെ.	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ. അഗസ്റ്റിൻ ഫിഡാലിസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ശ്രീമതി ഉഷ .സി.ആർ	ഹെഡ്മിസ്ട്രസ്സ്, കുളമുട്ടം	01-04-2023	31-03-2024
ശ്രീമതി മേരി ഷൈനി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി ഫെബീന	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ. കൃഷ്ണകുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ. ബിനു .എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	01-09-2023
ശ്രീ. ജയകൃഷ്ണൻ .ജെ.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-09-2023	31-03-2024
ഡോ. ശ്യാംജി വോയ്സ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2023	31-03-2024
ശ്രീമതി ഷഹ്ന ഫാത്തിമ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 1)	01-04-2023	31-03-2024
ശ്രീമതി വീണ .ആർ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 2)	01-04-2023	28-11-2023

ശ്രീമതി ഷഹ്ന ഫാത്തിമ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 2 ഇൻ-ചാർജ്ജ്	29-11-2023	02-02-2024
ശ്രീമതി ഷാരിക	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 2)	02-02-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-2
4	തൻവർഷത്തെ തനത്ഫണ്ട് വരവ്-ചെലവുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-3
5	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-4
6	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-5
7	ബാങ്ക് ബുക്കുകളിൽ വിവിധ കാലയളവുകളിൽ ക്രെഡിറ്റ് ബാലൻസ്	1-1-6
8	Gross Surplus Of Income Over Expenditure കണക്കാക്കിയതിൽ അപാകം	1-1-7
9	വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ ശേഷം തിരികെ ലഭ്യമായ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ബാധ്യതയായി രേഖപ്പെടുത്തിയില്ല.	1-1-8
10	അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിച്ച തുകയെ സാധൂകരിക്കുന്ന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-1-9
11	ആസ്തി സൃഷ്ടിക്കുന്നതിന് നൽകിയ പാർട്ട് ബിൽ തുകയ്ക്ക് തത്തുല്യമായ തുക Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.	1-1-10

12	ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-11
13	സ്ഥിര ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയില്ല	1-1-12
14	രസീത് തെറ്റായ ശീർഷകത്തിൽ നൽകി	1-1-13
15	അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല.	1-1-14
16	വാർഷിക ധനകാര്യ പത്രിക പരിശോധനയിൽപ്പെട്ട മറ്റ് നിരീക്ഷണങ്ങൾ	1-1-15
17	ബജറ്റ് അപാകങ്ങൾ	1-2-1
18	ബജറ്റ്	1-2
19	സാമ്പത്തിക വിശകലനം	1-3
20	ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ	1-4-1
21	ഗ്രാന്റ് വിനിയോഗം	1-4
22	പദ്ധതി രൂപീകരണം	1-5
23	മരണശേഷവും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചു.	1-6-1
24	സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം	1-6-2
25	ക്ഷേമപദ്ധതികൾ	1-6
26	ക്യാഷ് പരിശോധന	1-7
27	ആഭ്യന്തരനിയന്ത്രണം	1-8
28	തൊഴിലുറപ്പ് പദ്ധതി - അവലോകനം	1-9-1
29	തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു	1-9-2
30	തൊഴിലുറപ്പ് പദ്ധതി	1-9
31	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
32	വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂർത്തിയായില്ല	1-11
33	പരിഷ്ക്കരിച്ച വസ്തു നികുതി നിരക്ക് ഈടാക്കിയില്ല.	1-12
34	അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷവും പഴയ നിരക്കിൽ നികുതി	1-13

	നിർണ്ണയിച്ചു.	
35	നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം - സഞ്ചയയും പ്ലാനും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-14
36	ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല.	1-15
37	റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.	1-16
38	വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ- അപാകതകൾ	1-17
39	പശു വളർത്തൽ ജനറൽ - തുക തെറ്റായ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചു	1-18
40	പ്രത്യേക കന്നുകുട്ടി പരിപാലനം- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.	1-19
41	വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പട്ടികജാതി - അപാകങ്ങൾ	1-20
42	പാഥേയം -എസ്.സി.പി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല- 1,94,040/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
43	പാഥേയം ജനറൽ - തുക വകയിരുത്തിയിട്ടും പദ്ധതി നിർവഹിച്ചില്ല	1-22
44	കുളമുട്ടം എൽ.പി.എസ് ലേക്ക് അടുക്കള പാത്രങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകതകൾ - 3,220/- രൂപ തടസ്സപ്പെടുത്തുന്നു.	1-23
45	പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ	1-24
46	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല- 2,05,000/- രൂപ തടസ്സം ചെയ്യുന്നു.	1-25
47	സോക്പിറ്റ് നിർമ്മാണം - തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.	1-26

48	ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ആദ്യ ഗഡുകൈപ്പറ്റിയ ശേഷം നിർദ്ദിഷ്ടസ്റ്റേജ് പൂർത്തിയാക്കിയില്ല.	1-27
49	മാലിന്യ നിർമ്മാർജ്ജനം - ഹരിതകർമ്മസേനയിലൂടെ - അവലോകനം	1-28
50	ഹരിതഭവനം പദ്ധതിയിലെ അപാകതകൾ	1-29
51	ലൈബ്രറി സെസ് - യഥാസമയം അടവാക്കുന്നില്ല	1-30
52	വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു - ചെലവ് തുക 8,00,385 തടസ്സം ചെയ്യുന്നു	1-31
53	സ്മാർട്ട് അങ്കണവാടി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ	1-32
54	ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - തുക പൂർണ്ണമായും അനുവദിച്ചില്ല	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലു എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കാപ്പം സമ

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ച അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഐ.എൽ.ജി.എം.എസിൽ ഉൾപ്പെടുത്താത്തതെന്ന് മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്ത ഭരണസമിതിയുടെ 31.05.2024 തീയതിയിലെ 3 നം. തീരുമാനം പ്രകാര തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്ക കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നി പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ച മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേ രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡി നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങ വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകൾ തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ച പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണ

ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടി
റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ പ
ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റ
നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തു

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടി
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണ
മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷി
31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തി
31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ കാഷ് ഫ്ലോ തുകയു നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

"Net Decrease In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുക Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തി തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസ് -ൽ ക്യാഷ് ഫ ജനറേറ്റഡ് ആണെന്നും, അപാകം ഐ.കെ.എം ക്രമീകരിക്കേ ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.21/10.10.2024). ഐ.കെ അപാകം പരിഹരിക്കേണ്ടതാണ്.

1-1-3 തൻവർഷത്തെ തനത്ഫണ്ട് വരവ്-ചെലവുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുക ലഭ്യമാക്കിയിട്ടില്ല

2023-24 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം (Head Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 2,99,42,076/- രൂപയാ ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 3,20 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു ല ലഭ്യമാക്കിയില്ല. ഐ.എൽ.ജി.എം.എസ് -ൽ പ്രസ്തുത സ്റ്റേറ്റ്മന്റ് അന്വേഷണക്കുറിപ്പിന് (നം. 21/10.10.2024) മറുപടി നൽകി. ഐ.കെ അപാകം പരിഹരിക്കേണ്ടതാണ്.

1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാര പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിൽ

എന്നാൽ 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മ
വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock
ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആ
നടത്തി ILGMS ൽ സ്റ്റോക്ക് നിർണ്ണയം നടത്തുന്ന ഇൻവെന്ററി
ഉൾപ്പെടുത്താത്തതിനാലാണ് സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്
അന്വേഷണക്കുറിപ്പിന് (നം. 21/10.10.2024) മറുപടി നൽകി. വാർഷിക
സ്റ്റോക്ക് രേഖപ്പെടുത്തുന്നതിന് ഓപ്ഷൻ ഉള്ളതിനാൽ മേൽ മറുപ
സ്റ്റോക്ക് വിവരം രേഖപ്പെടുത്തി വാർഷിക ധനകാര്യപത്രിക തയ്യാറാക്കേ

1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം
അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാ
ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ ന
നൽകൽ/ കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴ
സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമാ
സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും, ഇവയുടെ അടിസ
പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേ
പുതിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ
തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെ
വസ്തു നികുതിക്കും തൊഴിൽ നികുതിക്കും 2023-24 വർഷാവസാ
രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെട
110100101	Property Tax On Residential Buildings	31.03.2024
110100102	Property Tax On Non Residential Buildings	
110200101	Profession Tax - Institutions	
110200105	Profession Tax - Traders	

ഓട്ടോ ജേണൽ വരാത്തതിനാലാണ് പ്രതിമാസ ഡിമാന്റ് രേഖ
അറിയിച്ചത്(ഓഡിറ്റ് എൻകൃയറി നം. 21/10.10.2024) .പ്രതിമാസ ഡി
മുഖേന രേഖപ്പെടുത്തേണ്ടതിനാൽ മേൽ മറുപടി പരിഗണനാ
ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-6 ബാങ്ക് ബുക്കുകളിൽ വിവിധ കാലയളവുകളിൽ ബാലൻസ്

വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകളിൽ വിവിധ കാല
ബാലൻസ് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

അക്കൗണ്ട്	കാലയളവ്
FEDERAL BANK - PFMS - 15 FC (10930100295845)	27.03.2024
MGNREGS Admin Fund - Federal Bank (10930100301668)	27.01.2024

FEDERAL BANK - LIFE PHASE - 2 (10930100300785)	22.08.2023 മുത

മാസാവസാനത്തെ ബാങ്ക് സ്റ്റേറ്റ്മന്റ് ലഭ്യമാകുന്നതിന് ശേഷം റീകൺസിലിയേഷൻ ചെയ്യുമ്പോഴാണ് വരവ് തുകകൾ ആയതിനാലാണ് ക്രെഡിറ്റ് ബാലൻസ് കാണപ്പെടുന്നതെന്നും മറുപ എൻകയറി നം. 21/10.10.2024). ഭാവിയിൽ വരവ് തുകകൾ യഥാ കണക്കിലെടുക്കേണ്ടതാണ്.

1-1-7 Gross Surplus Of Income Over Expenditure കണക്കാക്കിയ

Income & Expenditure Statement Abstract Report ൽ Prior Period Income "31951"(I-19 Period Expense (-) 40,10,473/- (I-18 ഷെഡ്യൂൾ പ്രകാരം) എന്നിങ്ങനെയാണ്. Difference (I 19- I 18) 40,42,424/- എന്നതിന് പകരം (-) 39,78,522 രൂപയായാണ് ആയതിനാൽ Gross Surplus Of Income Over Expenditure After Prior Period Items എ 20,85,444 (80,20,946 രൂപ കൂടുതൽ) ആയി രേഖപ്പെടുത്തിയിരിക്കുന്നു. അപാകമാണെന്നും, ആയത് പരിഹരിക്കുന്നതിന് ഐ.കെ.എമ്മിൽ മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻകയറി നം. 21/10.10.2024) .

1-1-8 വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ ശേ ലഭ്യമായ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ബാധ്യത രേഖപ്പെടുത്തിയില്ല.

ഹെഡ് കോഡ് 460500201 -Advance To Implementing Agencies - Deposit With Ke പരിശോധിച്ചതിൽ രസീത് നമ്പർ 1230000236 പ്രകാരം 23.09.2023 ൽ 69,518/ 1230000391 പ്രകാരം 5,65,463/- രൂപയും വിനിയോഗ ശേഷം ത് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് നിലനിർത്തി സാമ്പത്തിക വർഷം ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുന്നതാണെന്നും അറിയിച്ചു (ഓഡിറ്റ് എൻകയറി നം. 21 വിവരം അറിയിക്കേണ്ടതാണ്.

1-1-9 അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിച്ച തുക സാധൂകരിക്കുന്ന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക

വാട്ടർ അതോറിറ്റിയിൽ നിന്നും മുൻവർഷങ്ങളിൽ വിനിയോഗ സ രേഖപ്പെടുത്തി 1,75,282/- രൂപ ഹെഡ് കോഡ് 460500201 -Advance To Impleme Kerala Water Authority ലെഡ്ജറിൽ നിന്നും ക്രമീകരിച്ചു. ടി തുകയുടെ വ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻകയറി നം. 21/10.10.20 സാധൂകരിക്കുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാ

1-1-10 ആസ്തി സൃഷ്ടിക്കുന്നതിന് നൽകിയ പാർട്ട് ബി തത്തുല്യമായ തുക Capital Work In Progress ശീർഷകത്ത് ഉൾപ്പെടുത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പ്രോജക്ട് നിർമ്മാണം - രണ്ടാം ഘട്ടം ചെലവഴിച്ച 13,75,597/- രൂപ (2,07,359/- ധനകാര 11,68,238/- ജില്ലാ പഞ്ചായത്ത് വിഹിതം) പാർട്ട് ബില്ലായി നൽകിയിട്ടുണ Work In Progress ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല. വരും പരിഹരിക്കുന്നതാണെന്ന് അറിയിച്ചു (ഓഡിറ്റ് എൻകെയറി നം. ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-11 ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

വിവിധ ഗ്രാന്റുകളുടെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാ ബന്ധപ്പെട്ട അക്കൗണ്ടുകളുടെ B-17 പ്രകാരമുള്ള നീക്കിയിരിപ്പുമായ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	നീക്കിയിരിപ്പ്	
	B-4 ഷെഡ്യൂൾ പ്രകാരം	B-17 പ്രക
Swaccha Bharat Abhiyaan (Rural And Urban)	2,57,016	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	16,04,587	15,8

വ്യത്യാസം സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാ

1-1-12 സ്ഥിര ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക

ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset-കളുടെ അക്യൂമ Income & Expenditure Statement I-17(A) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷ മുൻ വർഷങ്ങളിലെ Accumulated Depreciation തന്നെയാണ് ഉൾപ്പെടുത്തിയി

ക്രമ നം.	ഇനം
1	Waterways
2	Public Lighting
3	Plant & Machinery
4	Other Fixed Assets
5	Sewerage And Drainage
6	Office And Other Equipment

Income & Expenditure സ്റ്റേറ്റ്മന്റിൽ ഡിപ്രീസിയേഷൻ എൻട്രി ചെയ്യു തുകയിൽ നിന്നുള്ള വ്യത്യാസം ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെ അപാകം പരിഹരിക്കുന്നതിനായി ഐ.കെ.എം നോട് ആവശ്യ (43/16.10.2024). അപാകം പരിഹരിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി ചെയ്യേണ്ടതാണ്.

1-1-13 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

വിവിധ വരവിനങ്ങൾ തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്ത് ഉദാഹരണം ചുവടെ ചേർക്കുന്നു.

രസീത് നം/ തുക	ഇനം	വരവ് രേഖപ്പെടുത്തിയ ശീർഷകം	വരവ് ശീർഷ
1230101726/16-12-2023	Land Development Fees	**Other Fees**	Permit Develop
1230101966/10.01.2024	Land Development Fees		
1230101969/10.01.2024	Land Development Fees		

ഫ്രണ്ട് ഓഫീസിൽ വരവ് രേഖപ്പെടുത്തിയതിലെ വ്യത്യാസമാണെ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക തുകകൾ അതത് ഹെഡുകളിൽ രസീത് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാ

1-1-14 അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എ കാലികമാക്കി സൂക്ഷിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ ആയത് കാലികമാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററുകൾ കാലിക സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-15 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ നിരീക്ഷണങ്ങൾ

1) മുൻകൂറുകൾ ക്രമീകരിച്ചില്ല

ഇനം	ക്രമീകരിക്കാൻ അവശേഷിക്കുന്ന തു
Other Advances	33,792

Other Advance ഇനത്തിലെ 33,792/- രൂപ ഓണറേറിയം ഇനത്തിൽ 20 വർഷത്തിൽ സാക്ഷരത പ്രേരക് മാർക്ക് ലിറ്ററസി മിഷൻ നൽകിയിട്ടുള്ളതാണ്. ആയത് നാളിതുവരെ സാക്ഷരത മിഷൻ (ഓഡിറ്റ് എൻകൃയറി നം. 21/10.10.2024) അറിയിച്ചു. തുക ലഭ്യമാകുന ഹെഡിൽ നിന്നും ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) വിവിധ നിർവഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവർത്തി നൽകിയ തുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല.

സ്ഥാപനം	ക്രമീകരിക്കാൻ അവശേഷ തുക
കെ.എസ്.ഇ.ബി	31,28,483*
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	33,00,000

* തൻവർഷം നൽകിയ 8,00,385/- രൂപ ഉൾപ്പെടെ.

ടി സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ല ക്രമീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന അന്വേഷണക്കുറിപ്പിന് (21/10.10.2024) വിനിയോഗ സാക്ഷ്യപത്രം ലഭ്യ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം റിപ്പോർട്ട്

1-2-1 ബജറ്റ് അപാകങ്ങൾ

ബജറ്റ് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കു

1) ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തര പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് പെർഫോമൻസ് ബജറ്റ് തയ്യാറാക്കി സാമ്പത്തികവർഷം മുതൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു.

2) 2.12.2016 ലെ ജി.ഒ. (ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡ പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന് അംഗീകരിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ വരുമാനവും ചെലവും വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോക തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതാ ഖണ്ഡിക 4-4(Iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാന അവലോകനം നടത്തിയിട്ടില്ലായെന്നും പ്രതിമാസ അവലോകനം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു.

3) മേൽ വിവരിച്ച മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് ക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക അവലോകന റിപ്പോർട്ട് പഞ്ചായത്ത് മുമ്പാകെ അവത ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജ സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ലായെന്നും പരിഹരിക്കുന്നതാണെന്നും അറിയിച്ചു.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 31/15.10.2024 ന്

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജ വിവരം താഴെ ചേർക്കുന്നു

	ബജറ്റ്	റിവൈസ
പാസ്സാക്കിയ തീയതി	20/03/2023	10/03/2024
ഭരണസമിതി തീരുമാനം	1(1)	3(1)
മുന്നിരിപ്പ്	1,07,52,609	1,36,67,609
പ്രതീക്ഷിത വരവ്	42,88,55,035	46,27,67,47
ആകെ	43,96,07,644	47,64,35,08
പ്രതീക്ഷിത ചെലവ്	43,67,94,480	45,62,45,52
നീക്കിയിരിപ്പ്	28,13,164	2,01,89,559

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,60,31,882
ഓഡിറ്റ് വർഷത്തെ വരവ്	8,14,13,910
ആകെ	10,74,45,792
ഓഡിറ്റ് വർഷത്തെ ചെലവ്	8,65,68,512
നീക്കിയിരിപ്പ്	2,08,77,280

1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അട മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭ ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചു

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒ
ഉല്പാദനം	പൊതുവിഭാഗം	77,29,000	38,43,454
	പട്ടികജാതി	4,05,000	45,000
സേവനം	പൊതുവിഭാഗം	6,19,67,336	2,59,45,727
	പട്ടികജാതി	3,49,66,075	1,41,81,573
പശ്ചാത്തലം	പൊതുവിഭാഗം	3,34,35,405	1,98,89,236

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡ് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറ വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തി വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനു പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ

വിഭാഗം	അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തു (മറ്റുള്ളവ ഒഴികെ)
വനിത ഘടക പദ്ധതി	28,01,625	9,02,854
കുട്ടികൾ	12,69,500	0
വൃദ്ധർ	13,06,400	12,05,440
ഭിന്നശേഷിയുള്ളവർ	3,38,000	64,422
പാലിയേറ്റീവ് കെയർ രോഗികൾ	3,64,000	1,00,000

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ നിർവഹണ ഉദ്യോഗ ട്രഷറി നിർദ്ദേശം അനുസരിച്ചുള്ള അവസാന തീയതിയ്ക്കകം ട്രഷറിയിൽ നൽകിയിരുന്നുവെങ്കിലും ബില്ലുകൾ പാസ്സാകാതെ കൃ ചെലവ് ശതമാനം കുറയാനിടയായതെന്ന് മറുപടി ലഭ്യമാക്കി.

3) സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മ ചുവടെ ചേർക്കുന്ന തുക 2023-24 വർഷത്തിൽ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം	തദ്ദേശ സ്ഥാപനം
1	ബ്ലോക്ക് പഞ്ചായത്ത്

അപാകം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാ

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2023 ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അ തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെ തുക
320100180	**Swarnajayanthi Grama Swarozgar Yojana (SGSY) - Minorities**	1,402
320100191	**Nirmal Puraskar**	38,158

മേൽ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും, അവ ചെലവഴിക്കാ ഏത് അക്കൗണ്ടിലാണ് നിലനിർത്തിയിട്ടുള്ളതെന്നത് സംബ ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) Beneficiary Contribution ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പ്രോജക്ടുകൾക്കായി ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത വ്യക്തമാക്കിയില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 09/09.10.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ചെല
വികസനഫണ്ട് (ജനറൽ)	0	1,73,61,751	1,41,6
വികസനഫണ്ട് (എസ്.സി.പി)	0	76,67,170	58,24,
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	24,72,000	26,35,
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	32,96,000	31,80,
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	28,77,400	28,68,
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	48,36,650	39,75,
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	23,83,
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	98,84,

*വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡ സ്റ്റേറ്റ്മന്റിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങള സ്റ്റേറ്റ്മന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നി സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതി രൂപീകരണം

1) **2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗു.വി. ഒഴികെ)
കൃഷി ഓഫീസർ	11	09	02	29,11,000
വെറ്റിനറി സർജൻ	10	08	02	34,37,800
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	16	11	05	35,36,833
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	07	05	02	9,03,600
വി.ഇ.ഒ1	16	10	06	3,48,09,042

ഐസിഡിഎസ് സൂപ്പർവൈസർ	15	12	3	55,43,417
സെക്രട്ടറി	42	30	12	3,11,25,994
അസിസ്റ്റന്റ് എഞ്ചിനീയർ	58	37	21	3,85,05,738
എച്ച്.എം.	14	09	05	6,35,888
വി.ഇ.ഒ11	09	05	04	2,62,92,000
ഡയറി ഫാം ഇൻസ്ട്രക്ടർ	02	01	01	14,00,000
അസിസ്റ്റന്റ് സെക്രട്ടറി	08	02	06	18,95,040

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ
പൊതുവിഭാഗം (ജനറൽ)	2,24,01,358	1,41,68,1
എസ്.സി.പി.	88,08,669	58,24,74
ടി.എസ്.പി.	0	0
ധനകാര്യ കമ്മിഷൻ അവാർഡ്	1,09,18,276	58,16,37
കേന്ദ്രാവിഷ്കൃത ഫണ്ട്	1,94,88,804	23,83,77
സംസ്ഥാനാവിഷ്കൃത ഫണ്ട്	1,46,65,440	98,84,04
തനത് ഫണ്ട്	2,12,69,955	1,33,54,1
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	45,24,014	27,42,37
മറ്റ് ജില്ലാ പഞ്ചായത്ത്	53,68,125	21,81,11
മെയിന്റനൻസ് റോഡ്	78,71,022	39,75,84
മെയിന്റനൻസ് നോൺ റോഡ്	54,02,831	28,68,80
മറ്റുള്ളവ	2,83,74,015	96,77,92

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ)	ആ പദ്ധ ചെ (മറ്റ ഒഴ
208	139	69	12,53,49,872	6,39,

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ മാർഗ്ഗരേഖ[സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖ 2(2)/29.11.2022തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങള സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർ

സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയതിന്റെ വിശ
(ഓഡിറ്റ് എൻകെയറി നം. 1/07.10.2024-ന് ലഭ്യമാക്കിയ മറുപടി)

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വ
സംഘടിപ്പിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീക
വർക്കിംഗ് ഗ്രൂപ്പുകൾ 30.12.22, 07.01.23, 20.05.23, 30.11.23, 03.01.24, 18.01.24 എന്ന
ചേർന്നിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകളിൽ പുതിയ പദ്ധതികൾ ചർച്
രേഖപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികള
മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല. ദാരിദ്ര്യലഘൂകരണം, പട്ടികജാതി വികസനം
മിനിട്സ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു (അപാ
ഓഡിറ്റ് എൻകെയറി നം.50/17.10.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1. ദാരിദ്ര്യലഘൂകരണം വർക്കിംഗ് ഗ്രൂപ്പ്

19.12.2022-ലെ 23-24 സാമ്പത്തിക വർഷ പദ്ധതി രൂപീകരണ യോഗം - പങ്കെടുത്തിട്ടുള്ളത്.

20.05.23-ലെ യോഗം - ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ – 2 അംഗങ്ങ
യോഗത്തിൽ പങ്കെടുത്ത് ഹാജർ രേഖപ്പെടുത്തിയിട്ടുള്ളത്.

03.01-24-ലെ യോഗം - പേജ് 53 – മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല.

2. **പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പ്**

1. മറ്റ് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്ന് വ്യത്യസ്തമായി 02.07.2022-നു ചേ
ചേർന്നതായാണ് മിനിട്സ് പരിശോധിച്ചതിൽ കാണുന്നത്.

2. യോഗങ്ങളുടെ തീയതി രേഖപ്പെടുത്തിയിട്ടില്ല. (മിനിട്സ് പേജ് – 24, 27, 30)

വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം യോഗം കൂടുന്നതിനും ജനങ്ങളുടെ
പ്രോജക്ട് രൂപീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ത
മോണിറ്ററിംഗ് നിർവ്വഹിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ക
കൺവീനർ ഉറപ്പ് വരുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരി

ഗ്രാമസഭ

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ
കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടത
ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല. തൻവർഷം 4 വീത
ചേർന്നിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ
ഓഡിറ്റ് എൻകെയറിക്ക് (ഓഡിറ്റ് എൻകെയറി നം. 1/07.10.24) മറുപടി ലഭ്യമ
ലഭ്യമാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീ
പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളു

ചേർക്കുന്നു (ഓഡിറ്റ് എൻകൗയറി നം. 1/07.10.24- ന് ലഭ്യമാക്കിയ മറുപടി).

1. പദ്ധതി നം.212/2023-24- കമ്പോസ്റ്റ് പിറ്റ് നിർമ്മാണം - അടങ്കൽ - 8,75,000

2. പദ്ധതി നം.189/2023-24 – സോക്ക് പിറ്റ് നിർമ്മാണം - അടങ്കൽ - 76,72,000

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ന എൻകൗയറി നം. 1/07.10.24- ന് ലഭ്യമാക്കിയ മറുപടി).

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി CSR ഫണ്ട് അ പ്രവർത്തിക്കുന്നില്ല (ഓഡിറ്റ് എൻകൗയറി നം. 1/07.10.24- ന് ലഭ്യമാക്കിയ മറുപ

1-6-1 മരണശേഷവും സാമൂഹ്യസുരക്ഷാ പെൻഷൻ

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ടുകളിലെ ആധാർ ന സേവന വെബ്സൈറ്റ് പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരി മരണശേഷവും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. ഏ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പെൻഷൻ ഐഡി	പേര്	മരണപ്പെട്ട തീയതി	പെൻഷൻ വിഭാഗം	പെൻഷൻ അനുവദിച്ച കാലയളവ്
1	102280202413	പുഷ്പാംഗതൻ	20.12.2023	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	01/2024 മുതൽ 05/2024 വ
2	102280201821	ശാന്ത.വി	16.12.2023	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	01/2024 മുതൽ 05/2024 വ
3	2220018937	വാമദേവൻ	11.12.2023	കർഷക തൊഴിലാളി പെൻഷൻ	01/2024 മുതൽ 05/2024 വ
4	429756200753	രാധാമണി	12.11.2023	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	12/2023 മുതൽ 05/2024 വ
5	102280202164	അബ്ദുൽ ഹക്കിം	28.09.2023	ഹലീമാ ബീവി	10/2023 മുതൽ 05/2024 വ

അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ
(49/17.10.2024) മറുപടി ലഭ്യമാക്കി. ധനകാര്യവകുപ്പിന്റെ 02.08.2021 ലെ
പ്രകാരം മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം
പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒ
സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക
സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന
മരണപ്പെടുന്നവരെ പെൻഷൻ സ്റ്റാറ്റസ് റദ്ദ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ
മരണശേഷവും പെൻഷൻ അനുവദിച്ചവരിൽ തുക തിരികെ ഈടാക്ക
സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടത

1-6-2 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്ന കാലതാമസം

സാമൂഹ്യ സുരക്ഷാ പെൻഷൻ – അപേക്ഷകളിൽ സമയബന്ധിതമായി

2012-ലെ സേവനാവകാശ നിയമ പ്രകാരം സാമൂഹ്യസുരക്ഷാ
കൈപ്പറ്റിയ ശേഷം 40 ദിവസത്തിനുള്ളിൽ അവയിൽ തീർപ്പ് കല്പ
പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള സാമൂഹ്യസരക്ഷാ പെൻഷനുമായ
അപേക്ഷകളും സമയബന്ധിതമായി തീർപ്പ് കല്പിച്ചിട്ടില്ല. ഉദാഹരണം

ക്രമ നം.	അപേക്ഷകന്റെ പേര്/ അപേക്ഷാ തീയതി	പെൻഷൻ വിവരം	ക്ഷേമകാര്യ കമ്മിറ്റി അംഗീകരിച്ച തീയതി
1	നസീഹത്ത് ബീവി 10.07.2023	വാർദ്ധക്യകാല പെൻഷൻ	20.02.2024
2	റ്റി.മഹേശൻ 22.07.2023	വാർദ്ധക്യകാല പെൻഷൻ	04.11.2023
3	രാജൻ.ബി 20.07.2023	വാർദ്ധക്യകാല പെൻഷൻ	04.11.2023
4	മണികണ്ഠൻ 10.08.2023	വാർദ്ധക്യകാല പെൻഷൻ	30.12.2023
5	ജയചന്ദ്രൻ 02.08.2023	വാർദ്ധക്യകാല പെൻഷൻ	30.12.2023
6	ശ്രീകണ്ഠൻ 29.09.2023	വികലാംഗ പെൻഷൻ	22.01.2024
7	ജയറാം.റ്റി 02.08.2023	വികലാംഗ പെൻഷൻ	04.11.2023
8	സുശീല 20.04.2023	വിധവാ പെൻഷൻ	22.07.2023

9	ആമിനാ ബീവി 13.04.2023	വിധവാ പെൻഷൻ	23.09.2023

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യ എൻകവയറിക്ക് (47/ 17.10.24) പെൻഷൻ അപേക്ഷയുമായി ബന്ധപ്പെ ഫയൽ മടങ്ങി വന്ന ശേഷം

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് കൂടുന്നതിലുള്ള കാലതാമസമാണ് ഇ അപേക്ഷയിൽ തീർപ്പ് കല്പിക്കാൻ താമസിക്കുന്നതെന്നും ഭാവിയി അപേക്ഷയിൽ തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെ

നിയമാനുസൃത സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷകളി നടപടി സ്വീകരിക്കേണ്ടതാണ്.

1-6 ക്ഷേമപദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധ ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോ എണ്ണം
തൊഴിൽരഹിത വേതനം	NIL	NIL
കർഷകതൊഴിലാളി പെൻഷൻ	11,49,000	100
വിധവാ പെൻഷൻ	1,32,19,500	1280
വാർദ്ധക്യകാലപെൻഷൻ	2,48,22,400	2573
വികലാംഗപെൻഷൻ	36,30,300	335
വിവാഹധനസഹായം	2,10,000	7
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1,30,400	11

1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമു പരിശോധന 08.10.2024 തീയതിയിൽ 4.00PM സമയത്ത് ഉത്തരവാദ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,417/ ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേ ശ്രദ്ധിക്കേണ്ടതുണ്ട്.

1. ഓഫീസ് ഉത്തരവ് മുഖേന ജോലി വിഭജനം നിർവ്വഹിച്ചിട്ടുണ്ട്. എന്നാ നിരീക്ഷിക്കപ്പെടുന്നതിനുള്ള നടപടികൾ തുടർ നിർദ്ദേശങ്ങൾ എന്നിവയിൽ

2. സ്റ്റോക്ക് രജിസ്റ്ററിൽ ഇനം അടിസ്ഥാനത്തിൽ രേഖപ്പെടുത്തൽ വരു ഉൾപ്പെടെയുള്ള വിശദാംശം ഉൾപ്പെടുത്തി പരിപാലിക്കുന്നതിന് ശ്രദ്ധിക്കേ

3. മിനിട്സുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

4. തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാ

5. ഓഫീസ് മീറ്റിംഗ് മിനിട്സ് പ്രകാരം 26.02.2024-നു ശേഷം 10.06.2024 കൂടിയിട്ടുള്ളത്. ഓഫീസ് മീറ്റിംഗ് കൃത്യമായി എല്ലാ മാസവും കൂടുന്നതിന് ശ്ര

1-9-1 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലെ അവലോകനം ചുവടെ ചേർ

2023-24 സാമ്പത്തിക വർഷം വ്യക്തിഗത ഗുണഭോക്താക്കൾക്കായുള്ള പ്രോ നടപ്പിലാക്കിയിട്ടുള്ളത്. പൊതുപ്രവൃത്തികളിൽ, തോട് പുനരുദ്ധാരണം കാണുന്നത്. 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളു ചേർക്കുന്നു.

ഇനം	നടപ്പിലാക്കി
കോഴിക്കൂട് നിർമ്മാണം	7
കമ്പോസ്റ്റ് പിറ്റ് നിർമ്മാണം	6
ആട്ടിൻകൂട് നിർമ്മാണം	11
സോക്ക് പിറ്റ് നിർമ്മാണം	33
തൊഴുത്ത് നിർമ്മാണം	7
അസോള ടാങ്ക് നിർമ്മാണം	2
കിണർ നിർമ്മാണം	13
കിണർ റീചാർജ്ജ്	8
തോട് പുനരുദ്ധാരണം	10
ഫലവൃക്ഷതൈ ഉല്പാദനവും പരിപാലനവും	2
കല്ല് കയ്യാല, തട്ട് തിരിക്കൽ, മഴക്കുഴി നിർമ്മാണം	47
ലൈഫ് ഭവന പദ്ധതി	52
മറ്റുള്ളവ	4
ആകെ	202

മെറ്റീരിയൽവർക്ക് 2023-24 വർഷം പൂർത്തിയാക്കിയവ	ആകെ ചെലവ് തുക	ലഭിച്ച തുക	ലഭിക
4	18,26,600	6,01,600	

മെറ്റീരിയൽവർക്ക് ഉൾക്കൊള്ളുന്ന പ്രവൃത്തികൾ സമയബന്ധിതമായ യഥാസമയം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9-2 തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിൽ അപാ നിലനിൽക്കുന്നു

2023-24 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേ (I)

പ്രോജക്ട്	കോഴിക്കൂട് നിർമ്മാണം

പ്രോജക്ട് ഐഡി	IF/1052624
അടങ്കൽ	86,536
ചെലവ്	82,234
M-Book	198/23-24
Work Period	17.01.24 – 03.02.24

മണമ്പൂർ ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡിലെ ഗുണഭോക്താവായ ശ്ര നിർമ്മിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട്.

1. M-Book (198/23-24) പ്രകാരം (പേജ് 18, Dt.6.2.24) മേൽ പ്രവൃത്തിക്കായി 82,234/- രൂ ചെലവഴിച്ചിട്ടുണ്ട്. 14,094/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. തുക അനുവദിക്ക വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻകയറി നം.40/15.10.2024-ന് മറുപടിയ വാങ്ങിയ ഇനത്തിലെ തുക മെറ്റീരിയൽ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അറിയിച്ചിട്ടുണ്ട്. തുക അനുവദിക്കുന്ന മുറയ്ക്ക് വിവരം ലഭ്യമാക ഗുണഭോക്താക്കൾക്ക് ലഭിക്കാനവശേഷിക്കുന്ന തുക യഥാസമയം ലഭ്യമാക്ക

2. പ്രോജക്ട് ഫയൽ രേഖകൾ പ്രകാരം ശ്രീ. രതീഷ് ആണ് പദ്ധതിയുടെ ഗ ശ്രീമതി വസന്ത എന്ന വ്യക്തിക്കാണ് പദ്ധതി മെറ്റീരിയലുകളുടെ ചെ പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താവിനുള്ള അൺസ്കിൽഡ് ലേബർ അനുവദിച്ചിട്ടുള്ളത്. ശ്രീമതി വസന്ത, ശ്രീ. രതീഷ് ഉൾപ്പെടുന്ന റേഷൻ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി വസന്ത രതീഷിന്റെ മാതാവും തൊഴിലുറപ്പ് തൊഴിലാളിയുമായതിനാല തൊഴിൽ കാർഡിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദി ലഭ്യമാക്കിയിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമപ്രകാരം അനുവദിക്കുന്ന സംഗതികളിൽ, വ്യക്തി തൊഴിൽകാർഡ് ഉടമയും പങ്കാളിയാകേണ്ടതുമാണ്. ശ്രീമതി. വസന്ത രതീഷിന്റെ മാതാവായതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. തുക അനുവദിച്ചത് സാധൂകരിക്കു ലഭ്യമാക്കേണ്ടതാണ്.

3. Material Purchase-മായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകൾ പ്രകാരം ചുവടെ ചേർ ബില്ലുകൾ പ്രവൃത്തി പൂർത്തീകരിച്ച ശേഷമുള്ള തീയതിയിൽ ഉള്ളവയാണ്.

ക്രമ നം	സ്ഥാപനം	തുക	ബിൽ നം./
1	B.S. Traders, Chathanpara	1,800	545/9.2.24
2	A.R. Agency, Vellamkolly	12,180	361/12.02.24
3	Kavely Traders	17,245	668/13.02.24

(II)

പ്രോജക്ട്	കിണർ നിർമ്മാണം
പ്രോജക്ട് ഐഡി	IF/831350
അടങ്കൽ	55,196
ചെലവ്	52,513
M-Book	38/23-24
പ്രവൃത്തി നിർവ്വഹിച്ച തീയതി	29.06.23 മുതൽ 03.03.24

ആറാം വാർഡിൽ ഉൾപ്പെട്ട ശ്രീ. മുഹമ്മദ് ഷിജുവിന് കുടി നിർമ്മിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട്.

Material Purchase-മായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകൾ പ്രകാരം ചുവടെ ചേർക്ക
ബില്ലുകൾ പ്രവൃത്തി പൂർത്തീകരിച്ച ശേഷമുള്ള തീയതിയിൽ ഉള്ളവയാണ്.

ക്രമ നം	സ്ഥാപനം	തുക	ബിൽ
1	Sreeekshmi Hollow Blocks & Interlocks	4,000	148/29.0
2	A.R. Agency, Vellamkolly	5,820	397/20.0
3	B.S.Traders	3,630	1/1.04.2

വിഷയത്തിലെ ഓഡിറ്റ് എൻകൂയറി നം. 40/15.10.2024-ന് പ്ര
ഹാജരാക്കിയ ബില്ലുകൾ ജി.എസ്.ടി. ഇല്ലാത്തവയായിരുന്നതിനാൽ തി
പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം ജി.എസ്.ടി. ബിൽ സമർപ്പിക്കുകയ
അംഗീകരിക്കാവുന്നതല്ല. മെറ്റീരിയൽ പ്രവൃത്തി ഉൾപ്പെടുന്ന വ്യക്തിഗത പ്ര
യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ടനിർദ്ദേശം ഗുണഭോക്താക്കൾക്ക് നൽ
(III)

പ്രോജക്ട്	സ്വകാര്യ വ്യക്തിയുടെ ഭൂമിയിലെ മണ്ണ് ജല സംരക്ഷ
പ്രോജക്ട് ഐഡി	WC/612434
അടങ്കൽ	4,95,345
ചെലവ്	4,89,177
M-Book	37/23-24

1. മണമ്പൂർ ഗ്രാമ പഞ്ചായത്തിലെ 8-ാം വാർഡിലെ വിവിധ വ്യക്തികള
സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി രൂപീകരിച്ച പ്രോ
ആറിനും ഇടയിൽ സ്ഥലം ഉള്ളവരാണ് മിക്ക ഗുണഭോക്താക്കളും. പദ്ധതിക
തെരഞ്ഞെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. വിഷയത്തി
അന്വേഷണത്തിന് (40/15.10.2024) തൊഴിലുറപ്പ് പദ്ധതി നിയമപ്രകാരം ഖണ്ഡി
കുടുംബങ്ങൾക്കും ആനുകൂല്യം നൽകാവുന്നതാണെന്ന് ഉ
അംഗീകരിക്കാവുന്നതല്ല. തൊഴിലുറപ്പ് പദ്ധതി നിയമം വകുപ്പ് 7.4.
ഗുണഭോക്താക്കളെ അവർ ഉൾപ്പെടുന്ന വിഭാഗം അനുസരിച്ച് മേൽ വക
മാനദണ്ഡപ്രകാരം റാങ്ക് ചെയ്ത് ഗുണഭോക്തൃ ലിസ്റ്റ് തയ്യാർ ചെയ്ത് ആയത്
ആനുകൂല്യം അനുവദിക്കേണ്ടതുണ്ട്. ആയതിൻ പ്രകാരം
തെരഞ്ഞെടുത്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. വ്യക്തിഗത ഗുണഭോക്താക്കൾക്കായുള്ള പ്രോജക്ടുകളിൽ 8.12.2022-ലെ സ
B1 -ൽ നിർദ്ദേശിക്കുന്ന പ്രകാരം ഗുണഭോക്താക്കൾക്ക് വർക്ക് ഓർഡർ
ഫയലുകളിൽ ലഭ്യമല്ല.

ഗുണഭോക്താക്കൾ ബില്ലുകൾ സമർപ്പിക്കുമ്പോൾ, 8.12.2022-ലെ സർക്കുല
നിർദ്ദേശിക്കുന്ന പ്രകാരം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ ഉൾപ്പെടെ ഗുണഭോക്താ
തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ അപാകതകൾ കൂടാ
ശ്രദ്ധിക്കേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെ
ഭരണചെലവുകൾ	7,06,227	10,52,077	17,58,304	17,56

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	2,96,72,242	2,96,72,242	2,96,7
ആകെ	7,06,227	3,07,24,319	3,14,30,546	3,14,3

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്
പെർഫോമൻസ് ഓഡിറ്റ്	28.04.2022	01.08.2021 മുതൽ 31.03.2022 വരെ
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.10.2020	2015-16 മുതൽ 2019-20 വരെ

1-11 വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂ

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്ര നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പു 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നിക വ്യവസ്ഥയും ഉൾപ്പെടുത്തിയ ഡിമാന്റ് നോട്ടീസ്, മേൽ ഉത്തര ഫോറത്തിൽ 31.03.2023 -നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതുമാണ്.

2) ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖ പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്.

3) വിവരണശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്ക്കരിക്കേണ്ടതാണ്

4) കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ് വെയറിൽചേർക്കുന്ന മുറ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നട

ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (10/08.10.2024) മ നോട്ടീസ് 9 എ ഫോറത്തിൽ പൂർണ്ണമായും വിതരണം ചെയ്തതാ ശേഖരണത്തിനായി 3 ഉദ്യോഗാർത്ഥികളെ നിയമിച്ചതായും രേഖപ്പെടുത്തുന്നതിനുള്ള അപ്ഡേഷൻ സഞ്ചയയിൽ ലഭ്യമായിട്ടി ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിവരങ്ങൾ രേഖപ്പെടുത്തി ഡിമാന്റ് വർദ്ധനവ് ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12 പരിഷ്ക്കരിച്ച വസ്തു നികുതി നിരക്ക് ഈടാക്കിയ

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്ര നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(അ)നം.25/2023/തസ ഉത്തരവ് പ്രകാരം ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ട ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിനോ എ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്നു. ഇതിനെ തുട 10/08/2023 തീയതിയിലെ 17(1) നമ്പർ തീരുമാന പ്രകാരം പഞ്ച വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു.

അന്തിമ വിജ്ഞാപനത്തിന് മുൻപ് നികുതി നിർണ്ണയിച്ച കെട്ടിട 05.10.2023) പരിഷ്ക്കരിച്ച നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ് / കെട്ടിട നം	ഉപയോഗ ക്രമം	വിസ്തീർണ്ണം (M^2)	Signed Date	ഈട അട് വസ്തു നിക
1	241/A	പാർപ്പിടാവശ്യം	82.14	20/04/2023	4
2	252/B	പാർപ്പിടാവശ്യം	158.16	20/04/2023	4
3	129/B	പാർപ്പിടാവശ്യം	193.2	18/05/2023	4
4	721/A	കൺവെൻഷൻ സെന്റർ	1220.96	17/06/2023	20
5	125/C	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	73.78	26/06/2023	30

2023-24 വർഷം നികുതി നിർണ്ണയിച്ച മേൽ കെട്ടിടങ്ങൾക്ക് പുതുക്കി ബാധകമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന അന്വേഷണക്കുറിപ്പിന് (28/15.10.2024) 01.04.2023 ന് ശേഷവും പുറപ്പെടുവിക്കുന്നതിന് മുൻപും നികുതി നിർണയിച്ച കെട്ടിടങ്ങൾ നികുതി നിശ്ചയിച്ചതെന്ന് മറുപടി ലഭ്യമാക്കി. 01/04/2023 ന് ശേഷം നിശ്ചയിച്ച എല്ലാ കെട്ടിടങ്ങൾക്കും പുതിയ നികുതി ചുമത്തേണ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-13 അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷവും നികുതി നിർണ്ണയിച്ചു.

ഫയൽ നമ്പർ	4604/13.09.2023
കെട്ടിട ഉടമ	ശ്രീഷ സിന്ധു

കെട്ടിട നമ്പർ	16/256 C,D,E,F,G,H,I,J,K,L,M,N,O,P,Q,R		
വിസ്തീർണം	Ground Floor	16/256 C –18m^2 16/256 D – 20m^2 16/256 E – 17m^2 16/256 F – 17m^2 16/256 G – 17m^2 16/256 H – 17m^2 16/256 I – 32m^2 16/256 J – 18m^2 16/256 K – 18m^2 16/256 L – 18m^2 16/256 M – 18m^2 16/256 N – 11.59 M^2 16/256 O – 16.18 M^2	വാണിജ്യാവശ്യത്തിനുള വരെ തറ വിസ്തീർണ്ണം ഉള്ള ഹ റെസ്റ്റോറന്റുകൾ, ഷോ ഗോഡൗൺ
	First Floor	16/256 P – 250.23 M^2	വാണിജ്യാവശ്യത്തിനുള മുകളിൽ തറ വിസ്തീർണ്ണ റെസ്റ്റോറന്റുകൾ, ഷോ ഗോഡൗൺ
	Second Floor	16/256 Q 298.11 M^2	വാണിജ്യാവശ്യത്തിനുള മുകളിൽ തറ വിസ്തീർണ്ണ റെസ്റ്റോറന്റുകൾ, ഷോ ഗോഡൗൺ അടിസ്ഥാന വസ്തു നികു
	Godown	16/256 R* – 70 M^2	ഗോഡൗൺ ഉൾപ്പടെ സ്റ്റോ 500ച. മീ വരെയുള്ളവ അടിസ്ഥാന വസ്തു നികു

മേൽ ഫയൽ പരിശോധിച്ചതിൽ 16/256 C മുതൽ 16/256 Q വരെയുള്ള അനുവദിച്ചത് 30.10.2023 തീയതിയിലും, 16/256 R നമ്പർ തീയതിയിലുമാണ്.

ഭരണസമിതിയുടെ 10/08/2023 തീയതിയിലെ 17(1) നമ്പർ തീരുമാന ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ തീയതിയിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തു ശേഷവും നികുതി നിർണ്ണയിച്ച മേൽ കെട്ടിടങ്ങൾക്ക് പഴയ നിരക്ക് നികുതി കണക്കാക്കി നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശ

കെട്ടിട നമ്പർ	ഉപയോഗ ക്രമം, ഈടാക്കിയ അടിസ്ഥാന വസ്തു നികുതി	ഉ ഈ അ നി
16/256 C,D,E,F,G,H,I,J,K,L,M,N,O	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ അടിസ്ഥാന വസ്തു നികുതി - 30/- രൂപ	വാ ച. അ നി
16/256 P,Q	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ അടിസ്ഥാന വസ്തു നികുതി - 50/- രൂപ	വാ ച . ച. അ നി

*16/256 R നമ്പർ ഗോഡൗണിന് പരിഷ്ക്കരിച്ച വസ്തുനികുതിയാണ് ചുമത

അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷവും പഴയ നി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനാ അന്വേഷണക്കുറിപ്പിന് (29/15.10.2024) 06.10.2023 ന് അ പുറപ്പെടുവിച്ചുവെങ്കിലും സഞ്ചയയിൽ അപ്ഡേഷൻ വന്നത് 30.10.2 16/256 C മുതൽ Qവരെയുള്ള കെട്ടിടങ്ങളുടെ നികുതി ന തീയതിയിലായതിനാലാണ് പഴയ നികുതി നിരക്കിൽ വസ്തു നികു മറുപടി ലഭ്യമാക്കി. മേൽ കെട്ടിടങ്ങളുടെ നികുതി പുതിയ നിരക്കി തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-14 നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം - സഞ്ച തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കെട്ടിടത്തോടൊപ്പം അധിക നി (എക്സ്റ്റൻഷൻ) പെർമിറ്റ് നൽകിയ ഫയലുകൾ പരിശോധിച്ചതിൽ, സ പ്രകാരമുള്ള നിലവിലെ കെട്ടിടങ്ങളുടെ (Existing Building) വിസ്തീ സമർപ്പിച്ച സൈറ്റ് പ്ലാനിലെ/ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ പെ ന്റെ വിസ്തീർണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചു

ക്രമ നം	1
പെർമിറ്റ് നമ്പർ/തീയതി	2290/2023
കെട്ടിട ഉടമ	ബിയാസ്
നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ (Existing Building)	12/405
സഞ്ചയ പ്രകാരമുള്ള Existing Building വിസ്തീർണം(ച.മീ)	155

കെട്ടിട നിർമ്മാണ പ്ലാൻ/പെർമിറ്റ് പ്രകാരമുള്ള Existing Building വിസ്തീർണം (ച.മീ)	159.5
ഉപയോഗക്രമം	പാർപ്പിടാവശ്യ

* ടി കെട്ടിടത്തിനെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്ന

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38 അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി ചെയ്യേണ്ടതാണ്.

1-15 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപ ലൈസൻസ് നൽകിയിട്ടില്ല.

2023-24 സാമ്പത്തിക വർഷം ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 322 ഉള്ളതായി കാണുന്നു. എന്നാൽ 2023-24 വർഷത്തെ ലൈസൻസ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മുൻവർഷ സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.8/08.10.2 പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈ അറിയിക്കേണ്ടതാണ്.

1-16 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തി

പഞ്ചായത്തിൽ നിലവിൽ 12 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. കടകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 1996 ലെ കേരള പ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ഇല്ലാതെ വ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. റേഷ എടുക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 2/ 07.10.2 നിരവധി തവണ നോട്ടീസ് നൽകിയിട്ടും റേഷൻ വ്യാപ എടുക്കാൻവിസമ്മതിക്കുന്നുവെന്നും പ്രസ്തുത വിവരം സിവിൽ സ ശ്രദ്ധയിൽപ്പെടുത്തി ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കുന്നത

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.1.2019 ലെ (സിഎസ്) എ9-764/19 കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ റേഷൻകടകളുടെ ലൈസൻസ് അറിയിക്കേണ്ടതാണ്.

1-17 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ- അ

